സ.ഉ.(സാധാ) നം.287/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-ശ്രീ ഇ.അബ്ദുൾ നവാസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1350/2022-ൻമേലുള്ള ബഹു.കോടതിയുടെ 1-8-2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.287/2023/LSGD തീയതി,തിരുവനന്തപുരം, 01-02-2023

---

പരാമർശം:-

1. ശ്രീ ഇ.അബ്ദുൾ നവാസ് സമർപ്പിച്ച 23-7-2022 തീയതിയിലെ അപേക്ഷ. (അനക്ഷർ A19).
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1350/2022ൻമേലുള്ള 1-8-2022 തീയതിയിലെ ഉത്തരവ്.
3. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 8-11-2022 തീയതിയിലെ ജിഇ1/68617/18 നമ്പർ കത്ത്.
4. നഗരകാര്യഡയറക്ടറുടെ 25-11-2022 തീയതിയിലെ DUA/8947/2022-E3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശമ്പളം ഫിക്സ് ചെയ്തതിൽ അപാകതകൾ ഉണ്ടെന്നും ആയതിനാൽ 1-7-2009 മുതലുള്ള ശമ്പളം പുതുക്കി ക്രമീകരിക്കണമെന്നും, പെൻഷൻ പുതുക്കി ക്രമീകരിക്കണമെന്നും ആവശ്യപ്പെട്ട് തിരുവനന്തപുരം നഗരസഭയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിൽ വിരമിച്ച ശ്രീ ഇ.അബ്ദുൾ നവാസ് സൂചന (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 25-10-1995-ൽ പ്രിന്റിംഗ് വകുപ്പിൽ പ്യൂൺ ആയി ജോലി നോക്കി വരവേ 22-6-2005-ന് തിരുവനന്തപുരം നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചുവെന്നും എന്നാൽ ശമ്പളം ഫിക്സ് ചെയ്തതിൽ അപാകതകൾ ഉണ്ടെന്നും ആയതിനാൽ 1-7-2009 മുതലുള്ള ശമ്പളം പുതുക്കി ക്രമീകരിക്കണമെന്നും, പെൻഷൻ പുതുക്കി ക്രമീകരിക്കണമെന്നുമായിരുന്നു സൂചന(1) പ്രകാരം ആവശ്യപ്പെട്ടിരുന്നത്. തുടർന്ന് പ്രസ്തുത ആവശ്യവുമായി ശ്രീ ഇ.അബ്ദുൾ നവാസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1350/2022-ൻമേലുള്ള പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ ഇ.അബ്ദുൾ നവാസ് സർക്കാർ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) നിവേദനത്തിൻമേൽ , ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനുള്ളിൽ, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. തിരുവനന്തപുരം നഗരസഭയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ 31.07.2019 ൽ വിരമിച്ച ശ്രീ അബ്ദുൽ നവാസ്.ഇ, ഗവ: പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പിൽ 25/10/1995 മുതൽ പ്യൂൺ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും ,തുടർന്ന് കൌണ്ടർ ഗ്രേഡ് II തസ്തികയിൽ തിരുവനന്തപുരം സെൻട്രൽ പ്രസ്സിൽ ജോലി ചെയ്തു വരവേ എൽ.ഡി.സി/ബി.സി തസ്തികയിൽ 22.06.2005 പൂർവ്വാഹ്നം മുതൽ തിരുവനന്തപുരം

നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചുവെന്നും ടിയാൻ ഗവ: പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പിൽ സേവനമനുഷ്ഠിച്ച കാലയളവിലെ സർവ്വീസ് കണക്കിലെടുത്ത് 27.10.2014-ലെ സ.ഉ(സാധാ)നം.2785/14/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശമ്പളം പുനർ നിർണ്ണയം ചെയ്തിട്ടുള്ളതുമാണ് എന്നും എന്നാൽ ടിയാന്റെ സേവനപുസ്തകം ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 22.05.2005 മുതൽ അടിസ്ഥാന ശമ്പളം, വെയിറ്റേജ് എന്നിവ തെറ്റായി നിർണ്ണയിച്ചിട്ടുള്ളതായി കണ്ടെത്തിയത് പ്രകാരം ടിയാന്റെ ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആയതിനു ഓഡിറ്റ് അംഗീകാരം നൽകിയിട്ടുള്ളതാണെന്നും, 16.09.1985 മുതൽ സമയ ബന്ധിത ഹയർ ഗ്രേഡിന് എൻട്രി പോസ്റ്റിലെ സേവനകാലം മാത്രമേ പരിഗണിക്കുകയുള്ളു എന്നതിനാലും അച്ചടി വകുപ്പിൽ നിന്നും നേരിട്ടുള്ള നിയമനം വഴിയാണ് മുൻസിപ്പൽ കോമൺ സർവ്വീസിൽ വന്നിട്ടുള്ളത് എന്നതിനാലും സർക്കാർ സർവ്വീസിലെ സേവനം കൂടി പരിഗണിച്ച് 15, 22 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ കഴിയുകയില്ലെന്ന് 04.01.2019-ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടുള്ളതാണ് എന്നും ടിയാന്റെ മുൻകാല സർക്കാർ സർവ്വീസിലെ ശമ്പളം സംരക്ഷിച്ച് നൽകിയിട്ടുള്ള ഉത്തരവിൽ ആർജ്ജിതാവധി സംരക്ഷിച്ച് നല്കിയിട്ടില്ലാത്തതിനാലും, സർക്കാർ സർവ്വീസും മുൻസിപ്പൽ കോമൺ സർവ്വീസും വ്യത്യസ്ത സർവ്വീസായിരുന്നതിനാൽ മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് വരുന്നവരുടെ ആർജ്ജിതാവധി സംരക്ഷിച്ച് ക്യാരി ഓവർ ചെയ്യുന്നതിന് സാധിക്കുന്നതല്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതാണ് എന്നും ആയതിനാൽ ശ്രീ.അബ്ദുൽ നവാസിന്റെ മുൻകാല സേവനം പരിഗണിച്ച് 01.07.2009 മുതലുള്ള ശമ്പളം പുനർ നിർണ്ണയിക്കണമെന്നും ആയത് പ്രകാരം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും മുൻ വകുപ്പിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ക്രെഡിറ്റിൽ ഉണ്ടായിരുന്ന ആർജ്ജിതാവധി പരിഗണിച്ച് ടെർമിനൽ സറണ്ടർ അനുവദിക്കണമെന്നുമുള്ള ശ്രീ അബ്ദുൽ നവാസ്.ഇ യുടെ അപേക്ഷ പരിഗണനാർഹമല്ല എന്നും നഗരകാര്യഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 16.09.1985 മുതൽ സമയ ബന്ധിത ഹയർ ഗ്രേഡിന് എൻട്രി പോസ്റ്റിലെ സേവനകാലം മാത്രമേ പരിഗണിക്കുകയുള്ളു എന്നതിനാലും അച്ചടി വകുപ്പിൽ നിന്നും നേരിട്ടുള്ള നിയമനം വഴിയാണ് മുൻസിപ്പൽ കോമൺ സർവ്വീസിൽ വന്നിട്ടുള്ളത് എന്നതിനാലും സർക്കാർ സർവ്വീസിലെ സേവനം കൂടി പരിഗണിച്ച് 15, 22 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ കഴിയുകയില്ല. സർക്കാർ സർവ്വീസും മുൻസിപ്പൽ കോമൺ സർവ്വീസും വ്യത്യസ്ത സർവ്വീസായിരുന്നതിനാൽ മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് വരുന്നവരുടെ ആർജ്ജിതാവധി സംരക്ഷിച്ച് ക്യാരി ഓവർ ചെയ്യുന്നതിന് സാധിക്കില്ല. ആയതിനാൽ ശ്രീ.അബ്ദുൽ നവാസിന്റെ മുൻകാല സേവനം പരിഗണിച്ച് 01.07.2009 മുതലുള്ള ശമ്പളം പുനർ നിർണ്ണയിക്കണമെന്നും ആയത് പ്രകാരം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും മുൻ വകുപ്പിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ക്രെഡിറ്റിൽ ഉണ്ടായിരുന്ന ആർജ്ജിതാവധി പരിഗണിച്ച് ടെർമിനൽ സറണ്ടർ അനുവദിക്കണമെന്നുമുള്ള ശ്രീ അബ്ദുൽ നവാസ്.ഇ യുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരിഗണനാർഹാമല്ലാത്തതിനാൽ ടി അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

4. പരാമർശം(2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ

സ.ഉ.(സാധാ) നം.287/2023/LSGD

ഉത്തരവ് മേൽ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
ശ്രീ.ഇ. അബ്ദുൾ നവാസ്,മല്ലയിൽ,വടക്കുംതല ഈസ്റ്റ്,ഈസ്റ്റ് പി.ഒ,കരുനാഗപ്പിള്ളി,കൊല്ലം പിൻ-690536
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 01-02-2023 15:35:16
സെക്ഷൻ ഓഫീസർ